നമ്പർ. റ്റി 8/51580/2011
പോലീസ് ആസ്ഥാനം, കേരളം
തിരുവനന്തപുരം

തിയതി . 17/06/2011

# സർക്കുലർ നം. 17/2011

വിഷയം: പോലീസ് ഉദ്യോഗസ്ഥരുടെയും അടുത്ത കുടുംബാംഗങ്ങളുടെയും വരുമാന സ്രോതസ്സുകളെക്കുറിച്ചുള്ള വിവരം വകുപ്പിനെ അറിയിക്കുന്നത് സംബന്ധിച്ച്

വിവിധ തരത്തിലുള്ള സാമ്പത്തിക കുറ്റകൃത്യങ്ങളും തട്ടിപ്പുകളും കേരളത്തിൽ നടന്നുവരുന്നതായി റിപ്പോർട്ടുകളിൽ നിന്ന് വ്യക്തമാണ്. നിയമപരമായ ബിസിനസ്സുകളാണെന്ന വ്യാജേന മണി ചെയിൻ, വളരെ ഉയർന്ന പലിശ നിരക്കുകൾ, ക്രമാധികമായ നിരക്കിലുള്ള ആദായം, കമ്പോള വിലയിൽ കുറഞ്ഞവിലയിൽ വസ്തുക്കൾ നൽകാമെന്ന വാഗ്ദാനം മുതലായവയിൽ ആകൃഷ്ടരായി വിവിധരീതികളിൽ പൊതുജനങ്ങൾ കബളിപ്പിക്കപ്പെടുന്നുണ്ട്. ഇതിൽ അപൂർവ്വമായെങ്കിലും ചില അവസരങ്ങളിൽ ചുരുക്കം ചില പോലീസ് സേനാംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും കുടുംബാംഗങ്ങൾക്കും പ്രത്യക്ഷമായോ പരോക്ഷമായോ അറിഞ്ഞോ അറിയാതെയോ ബന്ധമുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അഴിമതി നിരോധന നിയമം ഉൾപ്പെടെയുള്ള നിയമങ്ങൾ കൈകാര്യം ചെയ്യേണ്ട പോലീസ് സേനയുടെ വിശ്വാസ്യതയ്ക്ക് ഇത്തരം ആരോപണങ്ങൾ കോട്ടം തട്ടിക്കുന്നുണ്ട്. അതുപോലെ തന്നെയാണ് പല പോലീസ് ഉദ്യോഗസ്ഥരുടെയും പേരിൽ ആരോപിക്കപ്പെടുന്ന "ഗുണ്ടാ - മാഫിയാ" ബന്ധങ്ങളും. അധിക വരുമാന സമ്പാദനത്തിനുള്ള ആഗ്രഹത്തിന്റെ ചൂഷണമാണ് ഈ വഞ്ചനാരീതികളുടെയും മാഫിയകളുടെയും പ്രായോഗിക അടിത്തറ.

നിയമങ്ങൾ നടപ്പിലാക്കി കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ചുമതലയുള്ള സേനാവിഭാഗമെന്ന നിലയിൽ പോലീസ് സേനാംഗങ്ങളുടെയും അവരുടെ കുടുംബാഗങ്ങളുടെയും ഔദ്യോഗിക ജീവിതവും വ്യക്തിജീവിതവും തികച്ചും നിയമാനുസരണമുള്ളതും, വരുമാന മാർഗ്ഗങ്ങൾ ഔദ്യോഗികമായാലും ഔദ്യോഗികേതരമായാലും സുതാര്യമായിരിക്കേണ്ടതുമാണ്. എന്നാൽ മാത്രമേ പ്രീതിയോ പക്ഷപാതമോ കൂടാതെ നിയമം നടപ്പാക്കാനും ദുഷ്ടലാക്കോടെയുള്ള ആരോപണങ്ങൾക്ക് ഇടനൽകാതിരിക്കാനും സേനാംഗങ്ങൾക്ക് കഴിയൂ. ജനങ്ങൾക്ക് സേനയിലുള്ള വിശ്വാസം കാത്തുസൂക്ഷിക്കുവാനും ഇതത്യാവശ്യമാണ്. സുതാര്യതയുടെ ഭാഗമായി സേനയുടെ വിവിധ ശ്രേണികളിലുള്ള ഉദ്യോഗസ്ഥർ താന്താങ്ങളുടെയും അടുത്ത ബന്ധമുള്ള കുടുംബാഗങ്ങളുടെയും വരുമാന സ്രോതസ്സുകളെക്കുറിച്ചുള്ള വിവരം ഡിപ്പാർട്ടുമെന്റിനെ അറിയിക്കാനുള്ള സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി താഴെപറയുന്ന വിവരങ്ങൾ ഓരോ ഉദ്യോഗസ്ഥനും അയാൾ ജോലിചെയ്യുന്ന യൂണിറ്റിന്റെ മേധാവിക്ക് സമർപ്പിക്കേണ്ടതാണ്. ഓരോ യൂണിറ്റിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത വിവരങ്ങൾ താന്താങ്ങളുടെ കീഴുദ്യോഗസ്ഥരിൽ നിന്നും ശേഖരിച്ച് യൂണിറ്റ് മേധാവിക്ക് നൽകേണ്ടതാണ്.

1. ഉദ്യോഗസ്ഥന് ശമ്പളമായും അല്ലാതെയുമുള്ള മൊത്തം വാർഷിക വരുമാനത്തിന്റെ വിവരങ്ങൾ.

2. ഉദ്യോഗസ്ഥനോ അയാളുടെ ഭാര്യയോ മക്കളോ ഏതെങ്കിലും വ്യാപാരസ്ഥാപനത്തിന്റെയോ, കച്ചവടസ്ഥാപനത്തിന്റെയോ, ബിസിനസ് പാർട്ട്ണർഷിപ്പിന്റെയോ, കമ്പനിയുടെയോ മറ്റേതെങ്കിലും സ്ഥാപനത്തിന്റെയോ അംഗമോ, ഔദ്യോഗിക ഭാരവാഹിയോ, ഡയറക്ടറോ, ഉദ്യോഗസ്ഥനോ, ഏജന്റോ മറ്റേതെങ്കിലും തരത്തിൽ ബന്ധപ്പെട്ട ആളോ ആണെങ്കിൽ അതിന്റെ വിവരങ്ങൾ (ഇതിൽ സ്വന്തമായി നടത്തുന്ന ബിസിനസ്സും ഉൾപ്പെടുത്തേണ്ടതാണ്).

3. ഉദ്യോഗസ്ഥന് സ്വന്തം പേരിലുള്ളതോ അയാളുടെ ഭാര്യയുടെയോ മക്കളുടെയോ പേരിലുള്ളതോ ആയ എല്ലാതരത്തിലുമുള്ള വാഹനങ്ങളുടെ വിശദ വിവരങ്ങൾ.

4. ഉദ്യോഗസ്ഥന്റെ ഭാര്യക്കോ മക്കൾക്കോ ഉള്ള ഔദ്യോഗികവും അനൗദ്യോഗികവുമായ വരുമാനത്തിന്റെയും വരുമാന സ്രോതസ്സുകളുടെയും വിവരങ്ങൾ.

5. ഉദ്യോഗസ്ഥനോ ഭാര്യയോ മക്കളോ എന്തെങ്കിലും കച്ചവടത്തിലോ വ്യാപാരത്തിലോ മറ്റോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അവയെ കുറിച്ചുള്ള വിവരങ്ങൾ.

ആദ്യപടിയെന്ന നിലയിൽ സംസ്ഥാനപോലീസിലെ സബ് ഇൻസ്പെക്ടർ തസ്തികയിലും അതിനു മുകളിലുള്ളതുമായ ഓഫീസർമാരാണ് ഇപ്രകാരം വിവരങ്ങൾ സമർപ്പിക്കേണ്ടത്. എസ്.ഐ തസ്തികയിലുള്ളവർ ജില്ലാ പോലീസ് മേധാവിക്കും, സി.ഐ. റാങ്കിലുള്ളവർ ഐ.ജി.പി/ഡി.ഐ.ജി.ക്കും, ഡി.വൈ.എസ്.പി റാങ്കിലുള്ളവർ എ.ഡി.ജി.പി.ക്കും, എസ്.പി. റാങ്കിലും അതിലും ഉയർന്ന റാങ്കിലുമുള്ളവർ സംസ്ഥാന പോലീസ് മേധാവിക്കുമാണ് ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യേണ്ടത്. ട്രാൻസ്ഫറിനെ തുടർന്നോ മറ്റേതെങ്കിലും സാഹചര്യത്തിലോ മേൽപറഞ്ഞ ഉദ്യോഗസ്ഥന് കീഴിൽ നിന്നും മറ്റൊരു ഓഫീസിലേക്ക് മാറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥർ അവിടെ ചുമതലയേറ്റ് ഒരു മാസത്തിനകം ഇപ്രകാരം ഉള്ള റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

സ്പെഷ്യൽ യൂണിറ്റ്/ആംഡ് പോലീസ് ബറ്റാലിയൻ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ സമാന റാങ്കിലുള്ള മേലുദ്യോഗസ്ഥർക്കാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടത്.

ഏതെങ്കിലും ഉദ്യോഗസ്ഥൻ സമർപ്പിച്ച വിവരങ്ങളെപ്പറ്റി എന്തെങ്കിലും വിശദീകരണമോ ഉദ്യോഗസ്ഥൻ നൽകിയിട്ടുള്ളതിനുപരിയായി അധിക വിവരങ്ങളോ ആവശ്യമെന്ന് കാണുന്നപക്ഷം റിപ്പോർട്ട് സ്വീകരിക്കുന്ന മേലുദ്യോഗസ്ഥന് അപ്രകാരമുള്ള വിവരങ്ങൾ നൽകാൻ ആ ഉദ്യോഗസ്ഥനോട് ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന വിവരങ്ങൾ നിശ്ചയിക്കപ്പെടുന്ന ഉദ്യോഗസ്ഥന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ രഹസ്യരേഖയായി സൂക്ഷിക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രകാരം നൽകുന്ന വിവരങ്ങൾ സർക്കാർ നിർദ്ദേശമോ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സമ്മതമോ കൂടാതെ ഒരു കാരണവശാലും വെളിപ്പെടുത്തുവാൻ പാടുള്ളതല്ല. നൽകുന്ന വിവരങ്ങൾ തികച്ചും കൃത്യവും സത്യസന്ധവുമാണെന്ന് ഉറപ്പുവരുത്തേണ്ടത് വിവരങ്ങൾ നൽകുന്ന ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ചുമതല ആയിരിക്കും.

സംസ്ഥാനപോലീസ് മേധാവി

To ലിസ്റ്റ് "ബി" യിലെ ഓഫീസർമാർ

പോലീസ് ആസ്ഥാനത്തെ ഓഫീസർമാർ/ഇൻഫർമേഷൻ സെന്റർ, പോലീസ് ആസ്ഥാനം/സ്റ്റോക്ക് ഫയൽ/ സർക്കുലർ ബുക്ക്.

THI · 1030
18/6/11